# വിമതലൈംഗികത മലയാളസിനിമയിൽ

## തിരഞ്ഞെടുത്ത മലയാളസിനിമകളെ മുൻനിർത്തിയുള്ള പഠനം

കേരള സർവ്വകലാശാല ബി.എ. മലയാളം ബിരുദത്തിന്റെ
പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം

മലയാളവിഭാഗം
ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര

കേരള യൂണിവേഴ്സിറ്റി
2022

# വിമതലൈംഗികത മലയാളസിനിമയിൽ

## തിരഞ്ഞെടുത്ത മലയാളസിനിമകളെ മുൻനിർത്തിയുള്ള പഠനം

**കേരള സർവ്വകലാശാല ബി.എ. മലയാളം ബിരുദത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം**


**തയ്യാറാക്കിയവർ :**

**അഭിനന്ദ് എസ്.എ. (11519101003)**
**അപർണ്ണ എൽ. (11519101015)**
**അമിത ആൻ ജോർജ്ജ് (11519101008)**
**അശ്വിൻ എച്ച്. (11519101022)**
**ജിബി (11519101027)**
**നയന എൻ. (11519101032)**
**സുധി എസ്. (11519101037)**
**സൂര്യഗായത്രി എസ്. (11519101041)**


**Subject Code : ML1645**


**മലയാളവിഭാഗം**
**ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര**

**കേരള യൂണിവേഴ്സിറ്റി**


**2022**

## <u>പ്രസ്താവന</u>

ബിഷപ്പ്മൂർ കോളേജ് മലയാളവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥികളായ അഭിനന്ദ്. എസ്.എ, അപർണ്ണ. എൽ, അമിത ആൻ ജോർജ്ജ്, അശ്വിൻ. എച്ച്, ജിബി, നയന. എൻ, സുധി. എസ്, സൂര്യഗായത്രി. എസ് എന്നിവർ സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്ന് പ്രസ്താവിക്കുന്നു.

മാവേലിക്കര

**അഭിനന്ദ് എസ്.എ.**
**അപർണ്ണ എൽ.**
**അമിത ആൻ ജോർജ്ജ്**
**അശ്വിൻ എച്ച്.**
**ജിബി**
**നയന എൻ.**
**സുധി എസ്.**
**സൂര്യഗായത്രി എസ്.**

# ഉള്ളടക്കം


| | | | പേജ് നം. |
|---|---|---|---|
| **ആമുഖം** | | | 6-7 |
| **അദ്ധ്യായം1.** | | **വിമതലൈംഗികത** | 9-14 |
| | 1.1 | ക്യൂർ സിദ്ധാന്തം | |
| **അദ്ധായം 2.** | | **ഗേയിസം- ചരിത്രം, സിദ്ധാന്തം** | 16-22 |
| | 2.1. | പുരുഷ സ്വവർഗ്ഗാനുരാഗം- ചരിത്രത്തിൽ | |
| | 2.2. | പുരുഷ സ്വവർഗ്ഗാനുരാഗം - ഇന്ത്യൻ സമൂഹത്തിൽ | |
| | 2.3. | പുരുഷ സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗാനുരാഗഭീതികളും | |
| | 2.4. | വിമതലൈംഗികത മലയാളസാഹിത്യത്തിൽ | |
| | 2.5. | വിമതലൈംഗികത ചലച്ചിത്രങ്ങളിൽ | |
| **അദ്ധ്യായം3.** | | **വിമതലൈംഗികത മലയാളസിനിമയിൽ** | 24-34 |
| | 3.1. | കാ ബോഡിസ്കേപ്പ്സ് | |
| | 3.2. | മുംബൈ പോലീസ് | |
| | 3.3. | മൈ ലൈഫ് പാർട്ട്ണർ | |
| | 3.4. | മൂത്തോൻ | |
| | 3.5. | ഋതു | |
| | 3.6. | യൂ ടു ബ്രൂട്ടസ് | |
| **ഉപസംഹാരം** | | | 35 |
| **ലേഖനസൂചി** | | | 36 |
| **ഗ്രന്ഥസൂചി** | | | |

# ആമുഖം

വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും സങ്കീർണ്ണതകളും നിറഞ്ഞ സമൂഹത്തിൽ നിർമ്മിതമായിരിക്കുന്ന പൊതുബോധങ്ങൾക്ക് അസ്വീകാര്യരായ ഒരു വിഭാഗമാണ് വിമതലൈംഗികർ അഥവാ ലൈംഗിക ന്യൂനപക്ഷങ്ങൾ. സ്ത്രീ-പുരുഷബന്ധത്തിനുമാത്രം പ്രാധാന്യവും പൊതുസ്വീകാര്യതയും ലഭിക്കുന്ന സമൂഹത്തിലെ തിരസ്കൃത വ്യക്തിത്വങ്ങളാണ് ഇവർ. വിമതലൈംഗിക വിഭാഗത്തിൽപ്പെട്ട വ്യക്തികൾ പുറന്തള്ളപ്പെടുന്നതിനു പിന്നിൽ സമൂഹത്തിന്റെ വികലമായ നിലപാടുകൾ, മുൻവിധികൾ എന്നിവ മുന്നിട്ടുനിൽക്കുന്നുവെങ്കിൽ അവയെ ക്രമപ്പെടുത്തിയതിന് പിന്നിൽ ഭരണകൂടത്തിന്റെ ബോധപൂർവ്വമായ ഇടപെടലുകളുണ്ടായിരുന്നു.

സ്ത്രീപുരുഷബന്ധം സ്വാഭാവിക ബന്ധമെന്ന് വിശേഷിപ്പിക്കുന്ന സമൂഹത്തിന് മുമ്പിൽ സ്ത്രീപുരുഷബന്ധത്തിന് ബദലായോ സമാന്തരമായോ ഉള്ള ജീവിതശീലങ്ങൾ പിന്തുടരുന്ന വിമതലൈംഗികവിഭാഗങ്ങളുടെ ബന്ധങ്ങളെ പ്രകൃതിവിരുദ്ധമെന്ന് വിശേഷിപ്പിക്കുന്നു. ഇന്ന് റദ്ദുചെയ്യപ്പെട്ടിരിക്കുന്ന വകുപ്പ് വിക്ടോറിയൻ സദാചാരഭാവനയുടെ അടിസ്ഥാനത്തിൽ ബ്രട്ടീഷ് ഗവൺമെന്റ് 1861-ൽ സ്ഥാപിച്ചെടുത്തിരുന്നു.

ഗേ, ലെസ്ബിയൻ, ട്രാൻസ്ജന്റർ, ട്രാൻസ്സെക്ഷ്വൽസ് എന്നിങ്ങനെയുള്ള വിഭാഗങ്ങളെയാണ് ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നു പരാമർശിക്കുന്നത്. ഇതിൽത്തന്നെ ഗേ വിഭാഗത്തിൽപ്പെട്ടവരെ മലയാളസിനിമ എപ്രകാരം അടയാളപ്പെടുത്തുന്നു എന്നതാണ് 'വിമതലൈംഗികത മലയാള സിനിമയിൽ തിരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തിയുള്ള പഠനം' എന്ന ഈ പ്രബന്ധം ചർച്ച ചെയ്യുന്നത്. ഈ വിഷയം വിപുലമായതിനാൽ ഗേയിസം എന്ന വിഷയത്തെ മാത്രം ആധാരമാക്കിയാണ് പഠനം മുന്നോട്ടുപോകുന്നത്. ക്വീയർ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാണ് പഠനം നിർവ്വചിച്ചിട്ടുള്ളത്. മൂന്നാംലിംഗം എന്ന് നാം ഈ വിഭാഗത്തെ അടയാളപ്പെടുത്തുമ്പോഴും സമൂഹത്തിൽ ഇവർക്ക് വേണ്ടവിധത്തിൽ ദൃശ്യപരത ലഭിക്കുന്നില്ല. സാഹിത്യത്തിന്റെ എല്ലാ ജനുസ്സുകളിലും ഇത്തരം പഠനങ്ങളിന്ന് പ്രാധാ

ന്യത്തോടെ ചർച്ച ചെയ്യപ്പെടുന്നു. പ്രക്രീയാത്മകമായ സിനിമയിലാകുമ്പോഴും അതിന്റെ ആഖ്യാനം ബൃഹത്താണ്. ഇത്തരമൊരു സാഹചര്യത്തിൽ ചലച്ചിത്ര പഠനങ്ങളിലൂടെ ഇവർക്ക് പൊതുബോധത്തിലേക്ക് പ്രവേശനം എളുപ്പമാക്കാൻ ഇത്തരം പഠനങ്ങൾക്ക് സാധിക്കുമെന്നതും ഈ പഠനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു.

'വിമതലൈംഗികത' എന്ന ഒന്നാം അദ്ധ്യായത്തിൽ വിമതലൈംഗികത എന്ന പരികല്പനയും വിഭിന്ന ലൈംഗികതവിഭാഗങ്ങളേയും കുറിച്ച് ക്യൂർ സിദ്ധാന്തങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു. ഗേയിസം, ചരിത്രം, സിദ്ധാന്തം എന്ന രണ്ടാം അദ്ധ്യായത്തിൽ ഗേ വിഭാഗത്തിന്റെ ചരിത്രവഴികളേയും സാഹിത്യം ഈ വിഷയത്തെ എപ്രകാരം അടയാളപ്പെടുത്തിയെന്നും സവിശേഷമായി ചർച്ച ചെയ്യുന്നു. മൂന്നാം അദ്ധ്യായമാകട്ടെ മലയാളത്തിലെ പ്രധാന ചലച്ചിത്രങ്ങളെ വിശകലം ചെയ്യുകയാണ്. കാബോഡിസ് കേപ്പ്സ് എന്ന ചിത്രത്തിൽ ഗേയിസം കൂടാതെ പുരുഷ ശരീരങ്ങളും അവയുടെ പരസ്പരാനുരാഗങ്ങളും അതിന് സമൂഹവും ഭരണകൂടവും ഏർപ്പെടുത്തിയ വിലക്കുകളും ആണ് ചർച്ച ചെയ്യുന്നത്. സ്വവർഗ്ഗാനുരാഗം മുഖ്യധാരയിൽ വെളിപ്പെടുത്താതെ മോശം രീതിയിൽ അവതരിപ്പിക്കുന്ന ചിത്രമാണ്. മുംബൈ പോലീസ്. മൈ ലൈഫ് പാർട്ട്ണർ എന്ന ചിത്രമാകട്ടെ സ്വവർഗ്ഗാനുരാഗം  കൂടാതെ രണ്ട് പുരുഷൻമാർ തമ്മിലുള്ള ആഴത്തിലുള്ള വൈകാരികബന്ധമാണ് വെളിപ്പെടുത്തുന്നത്. സ്വവർഗ്ഗാനുരാഗികൾ അനുഭവിക്കുന്ന സ്നേഹപ്രണയ നഷ്ടം ചർച്ച ചെയ്യുന്ന ചിത്രമാണ് മൂത്തോൻ. ഋതു എന്ന സിനിമയിൽ സ്വവർഗ്ഗാനുരാഗം  ഒരു കുറവല്ലാതെ മറിച്ച് അവർ മറ്റുള്ളവരിൽനിന്ന് എങ്ങനെ വ്യത്യസ്ഥരായിരിക്കുന്നുവെന്ന് കാട്ടിത്തരുന്നു. യു ടു ബ്രൂട്ടസ് ചിത്രത്തിൽ ഗേയിസത്തെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു. ഇത്തരം ചർച്ചകളെ വിശകലനവിധേയമാക്കുകയാണ് പ്രബന്ധത്തിലെ ഈ പ്രധാന അദ്ധ്യായം.  തുടർന്ന് പഠനത്തിലൂടെ കണ്ടെത്തിയ നിഗമനങ്ങൾ ഉപസംഹാരത്തിൽ ക്രോഡീകരിക്കുന്നു. അവസാനഭാഗത്ത് ഗ്രന്ഥസൂചിയും ചേർക്കുന്നു.

## അദ്ധ്യായം I

# വിമത ലൈംഗികത

# വിമത ലൈംഗികത

വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും സങ്കീർണ്ണതകളും നിറഞ്ഞ സമൂഹത്തിൽ നിർമ്മിതമായിരിക്കുന്ന പൊതുബോധങ്ങൾക്ക് അസ്വീകാര്യമായ ഒരു വിഭാഗമാണ് വിമതലൈംഗികർ അഥവാ ലൈംഗിക ന്യൂനപക്ഷങ്ങൾ ഗേ സ്ബിയൻ, ട്രാൻസ്ജന്റർ, ട്രാൻസ്സെക്ഷ്വൽസ്, ബൈസെക്ഷ്വൽസ് എന്നിങ്ങനെയുള്ള വിഭാഗങ്ങളാണ് ലൈംഗിക ന്യൂനപക്ഷങ്ങൾ. സ്ത്രീ-പുരുഷ ബന്ധത്തിനുമാത്രം പ്രാധാന്യവും പൊതുസ്വീകാര്യതയും ലഭിക്കുന്ന സമൂഹത്തിലെ തിരസ്കൃതവ്യക്തിത്വങ്ങളാണ് ഇവർ. വിമതലൈംഗിക വിഭാഗങ്ങളിൽപ്പെട്ട വ്യക്തികൾ പുറന്തള്ളപ്പെടുന്നതിന് പിന്നിൽ സമൂഹത്തിന്റെ വികലമായ നിലപാടുകൾ, മുൻവിധികൾ എന്നിവ മുന്നിട്ടു നിന്നിരുന്നുവെങ്കിൽ അവയെ ക്രമപ്പെടുത്തിയതിനു പിന്നിൽ ഭരണകൂട മതസ്ഥാപനങ്ങളുടെ ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടായിരുന്നു. മതഗ്രന്ഥങ്ങൾ വിമതലൈംഗികവിഭാഗങ്ങളെ കേവലം ലൈംഗികതയുടെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ട് പുണ്യപാപദ്വന്ദ്വസങ്കൽത്തിൽ പാപകേന്ദ്രത്തിന്റെ മണ്ഡലത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് മതനിഷ്ഠമായ ജീവിതത്തിൽനിന്നും പുറന്തള്ളപ്പെടേണ്ടതാണന്ന് സമർത്ഥിച്ചു. പുരാണനിയമ-മതചരിത്രഗ്രന്ഥങ്ങൾ വിമതലൈംഗിക വ്യക്തിത്വങ്ങൾ ശിക്ഷയേറ്റുവാങ്ങേണ്ടുന്ന വിഭാഗമായി സ്ഥാപിച്ചെടുത്ത ഒരു കാലഘട്ടത്തിൽനിന്നും കൊളോണിയൽ ഭരണകൂടത്തിന് കീഴിൽ അടിമയായ ഇന്ത്യൻ ജനതയുടെ കാലഘട്ടത്തിലേക്ക് എത്തുമ്പോൾ കൊളോണിയൽ ഭരണകൂടം 377-ാം വകുപ്പ് നിർമ്മിച്ചുകൊണ്ട് മതസ്ഥാപനങ്ങളുടെ നിലപാടുകളെ ഏറ്റെടുത്തു.

സ്ത്രീപുരുഷബന്ധം സ്വാഭാവിക ബന്ധമെന്ന് വിശേഷിപ്പിക്കുന്ന സമൂഹത്തിന് മുമ്പിൽ സ്ത്രീപുരുഷബന്ധത്തിന് ബദലായോ സമാന്തരമായോ ഉള്ള ജീവിതശീലങ്ങൾ പിന്തുടരുന്ന വിമതലൈഗികവിഭാഗങ്ങളുടെ ബന്ധങ്ങളെ പ്രകൃതിവിരുദ്ധമെന്ന് വിശേഷിപ്പിക്കുന്ന 377-ാം വകുപ്പ് വിക്ടോറിയൽ സദാചാരഭാവനയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് 1861-ൽ സ്ഥാപി

ച്ചെടുത്തു. വ്യക്തികളുടെ ലൈംഗികസ്വാതന്ത്ര്യം മൗലികാവകാശങ്ങൾ എന്നിവയെ മുഖവിലയ്ക്കെടുക്കാതെ രൂപീകരിക്കപ്പെട്ട 377-ാം വകുപ്പിനെ ഏറ്റെടുത്ത സ്വതന്ത്രഇന്ത്യയും പൗരന്റെ ലൈംഗികസ്വാതന്ത്ര്യത്തെ, അവകാശത്തെ പരിഗണിച്ചിരുന്നില്ല. ലൈംഗിക സ്വാതന്ത്ര്യമെന്നാൽ ലൈംഗിക അരാജകത്വം, വൈദേശിക സംസ്കാരസ്വാധീനം എന്നിങ്ങളെ മുറവിളികൂട്ടുന്ന യാഥാസ്ഥിതിക ഇന്ത്യൻ സമൂഹത്തിൽ വിമതലൈംഗികർ "സ്വവർഗ്ഗരതിക്കുറ്റവാളി"കളാണ്. 2009 ജൂലൈ 2-ന് ഡൽഹി ഹൈക്കോടി പ്രായപൂർത്തിയായവർക്ക് ഉഭയസമ്മതപ്രകാരം സ്വവർഗ്ഗരതിയിലേർപ്പെടാമെന്ന് വിധിച്ചപ്പോൾ പ്രകോപിതരായ മതസംഘടനകൾ സുപ്രിംകോടതിയിൽ ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2013 ഡിസംബർ 11-ന് സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമാണെന്ന് സുപ്രിംകോടതി വിധിച്ചു. വിമത ലൈംഗിക വിഭാഗങ്ങളുടെ അനിശ്ചിതത്തിന്റെയും ആശങ്കകളുടെയും പശ്ചാത്തലത്തിലാണ് വിമത ലൈംഗികതയുടെ ചരിത്രം, സിദ്ധാന്തം, രാഷ്ട്രീടം എന്നിവ എഴുതപ്പെടുന്നത്. 2018-ൽ സുപ്രീം കോടതി സ്വവർഗ്ഗരതി കുറ്റകരമല്ല എന്ന വിധി പുറപ്പെടുവിക്കുകയും ചെയ്തു.

സദാചാരഭാവന പരിലളിക്കുന്ന മതസ്ഥാപനങ്ങൾ വിശ്വാസങ്ങൾ പുറം തള്ളിയ വിമത ലൈംഗിക വിഭാഗത്തിന് കലാ-സാംസ്കാരിക ചരിത്ര മണ്ഡലങ്ങളിൽ സുദീർഘമായൊരു ചരിത്ര പശ്ചാത്തലമുണ്ട്. മതങ്ങളും പുരാണങ്ങളും ചരിത്രങ്ങളും പറഞ്ഞുവച്ച വിമതലൈംഗികർ ആധുനിക ശാസ്ത്രമണ്ഡലങ്ങളിലേക്ക് വരുമ്പോൾ കുറെക്കൂടി സങ്കീർണ്ണമായ ഐഡന്റിന്റികളായി മാറുന്നു. അവയോട് പൊരുത്തപ്പെടുന്നതോ വിയോജിക്കുന്നതോ ആയ കാഴ്ചപ്പാടുകളാണ് സാഹിത്യവും ചലച്ചിത്രവുമുൾപ്പടെയുള്ള മാധ്യമങ്ങളും പങ്കുവയ്ക്കുന്നത്. മുഖ്യധാരപത്രദൃശ്യ മാധ്യമങ്ങൾ കമ്പോള താൽപര്യങ്ങളെ സംരക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിമതലൈംഗിക വ്യക്തിത്വങ്ങളെ അപഹസിക്കുവാനാണ് പലപ്പോഴും ഉദ്യമിച്ചിട്ടുള്ളത് എന്നത് യാഥാർത്ഥമാണ്. കലാസാഹിത്യാദി മാധ്യമങ്ങളിലവതരിപ്പിക്കപ്പെട്ട വിമതലൈംഗിക വ്യക്തിത്വങ്ങളെ വിലയിരുത്തുന്നതോടൊപ്പം അവരുടെ സങ്കീർണ്ണമായ ജീവിതാനുഭവങ്ങളെ "പച്ചയായി" ഇതോടൊപ്പം അവതരിപ്പിക്കുന്നു. രേഖീയമായ രീതിയിൽ എഴു

തപ്പെട്ട സിദ്ധാന്തങ്ങൾക്കപ്പുറം ഒതുക്കലുകൾക്ക് വഴങ്ങാത്ത സ്വഭാവത്തോടെ ആ അനുഭവങ്ങൾ നിറഞ്ഞുനിൽക്കുന്നു. ചില സന്ദർഭങ്ങളിൽ സിദ്ധാന്തങ്ങൾ പോലും അപ്രസക്തമാക്കുന്നു. പൊതുസമൂഹം നിർമ്മിച്ചെടുത്ത വികലത കൾപ്പുറത്ത് പ്രതിസന്ധികളുടെ ഘോഷയാത്രയിൽ മുറിവേറ്റുവീണ് പരാജി തരായവർ, പരാജയങ്ങളിൽനിന്നും അതിജീവനത്തിനായി പരിശ്രമിക്കുന്നവർ, പിൽക്കാല തലമുറയ്ക്ക് സഹായഹസ്തം നീട്ടിയവർ എന്നിവരുടെ അനുഭ വങ്ങൾ മലയാളിയുടെ കപട സദാചാരനിഷ്ഠമായ പൊതുബോധത്തെ പൊളി ച്ചെഴുതുവാൻ പര്യാപ്തമാണ്. ലൈംഗിക ന്യൂനപക്ഷത്തെ താഴെപ്പറയുന്നവിധം ഒരുവിധം വിഭജിക്കാവുന്നതാണ്.

## ഭിന്നവർഗ്ഗ ലൈംഗികത (Hetrosexudity)

മനുഷ്യനുൾപ്പടെയുള്ള ജന്തുജീവജാലങ്ങളെ ആണും പെണ്ണും തമ്മി ലുള്ള ലൈംഗിക ബന്ധത്തെയാണ് ഭിന്നവർഗ്ഗലൈംഗികതയെന്ന് സൂചിപ്പി ക്കുന്നത്. കുടുംബ സാമൂഹ്യബന്ധങ്ങൾ ഭിന്നവർഗ്ഗ ലൈംഗികതയുടെ അടി സ്ഥാനത്തിലാണ് കൂടുതലായി നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പ്രത്യുല്പാദനം അടി സ്ഥാനമാക്കിയുള്ള സ്ത്രീപുരുഷ ബന്ധങ്ങളെ ജാതി-മത സ്ഥാപനങ്ങൾ സ്വഭാ വികമായി പ്രതിഷ്ഠിക്കുന്നു.

## സെക്ഷ്വൽ മൈനോറിറ്റീസ് ലൈംഗിക ന്യൂനപക്ഷങ്ങൾ (Sexual Minorities)

ഭിന്നവർഗ്ഗ ലൈംഗികതയിൽനിന്ന് വിഭിന്നമായ ലൈംഗിക താൽപര്യങ്ങൾ പുലർത്തുന്നവരെയാണ് സെക്ഷ്വൽ മൈനോറിറ്റി എന്ന് വിളിക്കുന്നത്. ഗേ, ലെസ്ബിയൻ തുടങ്ങിയവരാണ് ലൈംഗിക ന്യൂനപക്ഷങ്ങളായി അറിയപ്പെടുന്നത്. ഇക്കൂട്ടർ മുഖ്യധാര സമൂഹത്തിൽനിന്ന് വിവേചനങ്ങൾ നേരിടുന്നവരാണ്.

## എൽ–ജി–ബി–റ്റി ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെന്റർ (LGBT Lesbian, Gay, Bisexual, Transgender)

ലെസ്ബിയൻ, ഗേ, ട്രാൻസ്ജന്ററുകൾ ഉൾപ്പടെയുള്ളവരെ ഒറ്റഗ്രൂപ്പായി വിശേഷിപ്പിക്കാവുന്നവരാണ്. എൽ-ജി-ബി-റ്റി കമ്മ്യൂണിറ്റി ലൈംഗികത, വ്യവഹാരങ്ങളിൽ നിന്നും അസ്പൃശ്വരായി മാറ്റി നിർത്തപ്പെട്ട വിമതലൈംഗികത വ്യക്തിത്വങ്ങളുടെ സാമൂഹ്യപദവിയെക്കുറിച്ചുള്ള അന്വേഷണങ്ങൾ എൽ-ജി-ബി-റ്റി കമ്മ്യൂണിറ്റി നടത്തിവരുന്നു.

## സ്വവർഗ്ഗ ലൈംഗീകത (Homo Sexuality)

ഒരേ ലിംഗവർഗ്ഗത്തിൽപ്പെട്ടവർ തമ്മിലുണ്ടാകുന്ന വൈകാരികമായ ബന്ധത്തെയാണ് സ്വവർഗ്ഗ ലൈംഗികത എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. സ്വവർഗ്ഗരതി/സ്വവർഗ്ഗാനുരാഗം എന്നീ പദങ്ങളും ഇതിനെ സൂചിപ്പിക്കുന്നതായി പൊതുവെ ഉപയോഗിച്ചുവരാറുണ്ട്. ഭിന്നവർഗ്ഗ ലൈംഗികതയുടെ പ്രയോക്താക്കളുടെ മുഖ്യശത്രുവാണ് സ്വവർഗ്ഗ ലൈംഗീകത. മനുഷ്യരുൾപ്പടെയുള്ള ജന്തുമൃഗാദികളിൽ സ്വവർഗ്ഗരതി നിലനിൽക്കുന്നു. ലിംഗാടിസ്ഥാനത്തിൽ സ്വവർഗ്ഗരതി വെവ്വേറെ നാമധേയങ്ങളിൽ അറിയപ്പെടുന്നു.

## നിർലൈംഗികർ (Asexual)

യാതൊരുവിധ ലൈംഗിക ചേദനകളുമില്ലാത്ത വ്യക്തികളെയാണ് നിർലൈംഗികർ എന്നുവിളിച്ചുവരുന്നത്.

## ഗേ–പുരുഷ സ്വവർഗ്ഗാനുരാഗി (Gay)

പുരുഷന്മാർ തമ്മിലുണ്ടാകുന്ന മാനസികവും ശാരീരകവുമായ അടുപ്പത്തെയാണ് പുരുഷ സ്വവർഗ്ഗാനുരാഗം പുരുഷ സ്വവർഗ്ഗലൈംഗികത എന്ന് ക്രമപ്പെടുത്തിയിരിക്കുന്നത്. സ്വവർഗ്ഗരതിയിൽ താൽപര്യം പ്രകടിപ്പിക്കുന്ന പുരുഷൻ, ഗേ, പുരുഷ സ്വവർഗ്ഗാനുരാഗി എന്നീ സംജ്ഞകളിൽ അറിയപ്പെടുന്നു.

## സ്ത്രീ–സ്വവർഗ്ഗാനുരാഗി (Lesbian)

സ്ത്രീകൾ തമ്മിലുള്ള ശാരീരികവും വൈകാരികവുമായ അടുപ്പത്തെയാണ് ലെസ്ബിയനിസം അഥവാ സ്ത്രീവർഗ്ഗ രതിയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്ത്രീ സ്വവർഗ്ഗരതിയിലേർപ്പെടുന്ന സ്ത്രീയെക്കുറിക്കുന്ന പദമാണ് ലെസ്ബിയൻ.

## ട്രാൻസ്ജെന്റേഴ്സ് (Transgenders)

ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും അപര ലിംഗവിഭാഗത്തിന്റെ താൽപര്യങ്ങളും ചേഷ്ടകളും പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളെയാണ് ട്രാൻസ്ജെന്റർ എന്നുപറയുന്നത്. പുരുഷ രൂപത്തിനുള്ളിലെ സ്ത്രൈണത, സ്ത്രീരൂപത്തിനുള്ളിലെ പൗരുഷം എന്നിവയുടെ പ്രകടതപരതകൾ ട്രാൻസ്ജന്ററുകളെ പൊതുസമൂഹത്തിൽ അതിവേഗം ദൃശ്യരാക്കുന്നു.

## ട്രാൻസ്മെൻ(Transmen)

ട്രാൻസ്ജന്റേഴ്സ് ലിംഗമാറ്റ ശസ്ത്രക്രീയ നടത്തി സ്ത്രീ പുരുഷനായി മാറാറുണ്ട്. ശാരീരികമായി സ്ത്രീ ആയ വ്യക്തി ലിംഗമാറ്റ ശസ്ത്രക്രീയ നടത്തി പുരുഷനായി മാറുമ്പോൾ ആ വ്യക്തിയെക്കുറിക്കുവാനുപയോഗിക്കുന്ന പദമാണ് ട്രാൻസ്മെൻ.

## ട്രാൻസ് വുമൺ  (Trans Women)

ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി പുരുഷൻ സ്ത്രീയായി മാറാറുണ്ട്. അത്തരം വ്യക്തികളെക്കുറിക്കുന്ന പദമാണ് ട്രാൻസ് വുമൺ.

## ബൈസെക്ഷ്വൽ – ദ്വിലൈംഗികർ (Bisexual)

പുരുഷനോടും സ്ത്രീയോടും വൈകാരികവും ശാരീരികവുമായി ആകർഷണം തോന്നുന്ന വ്യക്തിയാണ് ബൈസെക്ഷ്വൽ. ഈ ഗണത്തിൽപ്പെടുന്ന വ്യക്തികൾക്ക് സ്ത്രീകളോടും പുരുഷന്മാരോടും തോന്നുന്ന താൽപര്യത്തിൽ സാഹചര്യമനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

## ഇന്റർസെക്സ് (Intersex)

ഭൂമിയിലെ വൈവിദ്ധ്യങ്ങളിലൊന്നാണ് ഇന്റർസെക്സ് ഒരു വ്യക്തിയിൽ തന്നെ സ്ത്രീയുടെ ആന്തരിക ഗ്രന്ഥിയായ ഓവറി (Ovary) യും പുരുഷ ടെക്സ്റ്റസും (Tests) ഉള്ളവരാണ് ഇന്റർസെക്സ്.

## ലൈംഗിക കുടിയേറ്റങ്ങൾ (Sexual Migration)

ഭിന്നവർഗ്ഗ ലൈഗികതയുടെ അധികാര സ്ഥാപനങ്ങളിൽ അവയ്ക്ക് ബദലാകുമെന്ന് വിശ്വസിക്കുന്ന ലിംഗസമത്വങ്ങളുടെ സാമൂഹിക ഇടപെടലുകളിൽ നിന്ന് തിരസ്കരിക്കുന്നു. വർദ്ധിച്ചുവരുന്ന സാമൂഹികാതിക്രമങ്ങളഇൽ നിന്ന് രക്ഷ നേടുന്നതിനായി ലൈഗിക ന്യൂനപക്ഷങ്ങൾ തങ്ങൾക്കനുകൂലമായ സാഹചര്യങ്ങളിലേക്ക് നാടുകളിലേക്ക് മാറി താമസിക്കുന്നു. ഇതിനെയാണ് ലൈംഗിക കുടിയേറ്റമെന്ന് പറയുന്നത്.

## ക്യൂർ സിദ്ധാന്തം (Queer Theory)

വിമത ലൈംഗിക വിഭാഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ എല്ലാ തന്നെ ക്യൂർ സിദ്ധാന്തത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. 1991-ൽ തെരേസ ഡിലോറേറ്റിസ് എന്ന ചിന്തയാണ് ക്യൂർ (Queer Theory) എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. അധികാര സംവിധാനങ്ങൾക്ക് പുറത്തുനിൽക്കുന്നത്. എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ക്യൂർ അധികാരഘടനകളോടുള്ള പ്രതിക്ഷേധത്തെക്കുറിക്കുവാനായി ഉപയോഗിക്കുന്നു. ജൂഡിത് ബട്ലർ, ലിയോ ബർസാനി ആൻഡ്രിയൻ റിച്ച് തുടങ്ങിയവർ ക്യൂറിനെ സംബന്ധിച്ചുള്ള നിലപാടുകൾ വിപുലമാക്കുയും അവ സജീവമായ ചർച്ചകൾക്കായി അവതരിപ്പിക്കുകയും ചെയ്തു. ലൈംഗീകതയിലെ അധികാര സങ്കൽപ്പങ്ങളെ ചോദ്യം ചെയ്യുന്ന ക്യൂർ തിയറി ലിംഗസത്വത്തെ സംബന്ധിച്ചുള്ള പരമ്പരാഗത ധാരണകളെ പൊളിച്ചെഴുതുന്നുണ്ട്.

## അദ്ധ്യായം II

# ഗേയിസം - ചരിത്രം, സിദ്ധാന്തം

# ഗേയിസം - ചരിത്രം, സിദ്ധാന്തം

ഒരു പുരുഷന് മറ്റൊരു പുരുഷനോട് തോന്നുന്ന ലൈംഗികവും വൈകാരികവും ശാരീരികവുമായ ആകർഷണത്തെയാണ് പുരുഷസ്വവർഗ്ഗാനുരാഗം (Gayism) എന്ന് നിർവ്വചിക്കുന്നത്. പൊതുസമൂഹത്തിൽ പുരുഷ സ്വവർഗ്ഗാനുരാഗിയെ കുറിക്കുന്ന പദമാണ് ഗേ (Gay). സ്വവർഗ്ഗപ്രേമിക്ക് ആധുനിക ഇംഗ്ലീഷ് വാക്ക് Gay (ഗേയ്) എന്നാണ്. Merry, Jolly, Care Free തുടങ്ങിയ അർത്ഥങ്ങളാണ് പഴയകാലത്ത് ഈ വാക്ക് ഉല്പാദിപ്പിച്ചിരുന്നത്. ആളൊരു തമാശക്കാരനാണ് എന്ന അർത്ഥത്തിൽ he is a gay fellow എന്നുപറഞ്ഞിരുന്നു.

പഴയകാലത്ത് വടക്കൻ കേരളത്തിൽ ഏറിയകൂറും മുതിർന്ന പുരുഷൻമാർ പ്രായപൂർത്തിയാകാത്ത ആൺകുട്ടികളെ ലൈംഗിക പങ്കാളിയായി കാണുന്ന രീതിയാണ് കണ്ടുവന്നിരുന്നത്. ഇത്തരം സന്ദർഭത്തിൽ മുതിർന്നയാൾ "ആജ്വാർ" എന്നും പങ്കാളി "കുണ്ടൻ" എന്നും പരിഹസിക്കപ്പെട്ടിരുന്നു. ഈ പദം മലബാർ മേഖലയിൽ നിന്നും ഉത്ഭവിച്ചതാണെന്ന സൂചനകൾ ലഭ്യമാണ്. കുണ്ടൻ എന്ന പദത്തിന് ശബ്ദതാരാവലിയിൽ അടിമ എന്ന് അർത്ഥം നൽകിയിരുന്നു. പഴയ നൂറ്റാണ്ടിൽ അടിമകളെ പ്രഭുക്കന്മാരും സൈന്യാധിപന്മാരും സ്വവർഗ്ഗരതിക്കായി ഉപയോഗിച്ചിരുന്നു. ഗേ കമ്മ്യൂണിറ്റിയിലുള്ളവർ തങ്ങളുടെ താൽപര്യത്തെ പ്രണയം/അനുരാഗമെന്നും വിശേഷിപ്പിച്ചുകൊണ്ട് "രതി" യെന്ന സംജ്ഞയെ തിരസ്ക്കരിക്കുന്നു.

## പുരുഷ സ്വവർഗ്ഗാനുരാഗം-ചരിത്രത്തിൽ

അതിപ്രാചീനകാലത്തുതന്നെ പുരുഷ സ്വവർഗ്ഗാനുരാഗം ജനസമൂഹങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. പ്രാചീന ഗ്രീക്ക്-റോമൻ സംസ്ക്കാരങ്ങളിൽ സ്വവർഗ്ഗാനുരാഗബന്ധങ്ങൾ യഥേഷ്ടം നിർവ്വഹിക്കപ്പെട്ടിരുന്നു. സീയുസ്, അക്കിലസ്, ഹെർക്കുലീസ്, പെസിഡോൺ തുടങ്ങിയ യവനദേവന്മാരൊക്കെ സ്വവർഗ്ഗാനുരാഗികളായിരുന്നു. ഗ്രീക്ക്-റോമൻ കാലഘട്ടത്തിൽ അടിമകൾ ധാരാളമായി ഉണ്ടായിരുന്നതുകൊണ്ടുതന്നെ വ്യാപകമായി അടിമകളെ

സ്വവർഗ്ഗരതിക്കായി ഉപയോഗിച്ചിരുന്നു. പ്രാചീന കാലഘട്ടങ്ങളിൽനിന്നും മധ്യ കാലഘട്ടത്തിലേക്ക് എത്തുമ്പോൾ സ്വവർഗ്ഗാനുരാഗം സംബന്ധിച്ച നിലപാടുകളിൽ ആഗോളതലത്തിൽ വ്യാപകമായ മാറ്റങ്ങളുണ്ടായി. പ്രാചീന കാലത്തിൽ സ്വവർഗ്ഗരതി സ്വാഭാവികമായിരുന്നുവെങ്കിൽ മധ്യകാലഘട്ടം എത്തുമ്പോൾ സ്വവർഗ്ഗരതി മ്ലേച്ഛവും വികൃതവുമായി വിലയിരുത്തപ്പെട്ടു. പ്രാകൃതമായ ശിക്ഷാരീതികളിലൂടെ പുരുഷസ്വവർഗ്ഗാനുരാഗികളെ അതിക്രൂരമായി ഇല്ലായ്മ ചെയ്തിരുന്നു. പുരുഷസൗന്ദര്യം ശില്പങ്ങളിലും ചിത്രങ്ങളിലും ആവാഹിച്ച ഇറ്റാലിയൻ കലാകാരൻ മൈക്കൽ ആഞ്ചലോ, കവിയും നിരൂപകനുമായിരുന്ന ഓസ്കാർ വൈൽഡ് എന്നിവർ സ്വവർഗ്ഗപ്രേമികളായിരുന്നു. സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ വിചാരണ നേരിടുകയും തടവുശിക്ഷ അനുഭവിക്കേണ്ടിയുംവന്ന വ്യക്തിയാണ് ഓസ്കാർ വൈൽഡ്.

## പുരുഷ സ്വവർഗ്ഗാനുരാഗം-ഇന്ത്യൻ സമൂഹത്തിൽ

സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമായിരുന്നു (2018 വരെ). ഇന്ത്യയിൽ സ്വവർഗ്ഗാനുരാഗം വെളിപ്പെടുത്തിയവർ താരതമ്യേന ന്യൂനപക്ഷമാണ്. പത്രപ്രവർത്തകനായ അശോക് റോകവി, മഹേഷ് ദത്താനി, വിക്രംസേത്ത്, 2015 ജൂണിൽ കാലിഫോർണിയയിൽ വിവാഹിതരായ മലയാളി യുവാക്കൾ സന്ദീപ്, കാർത്തിക് തുടങ്ങിയവർ അഭയ് ഡാങ്കെ, സുപ്രിയ ചക്രവർത്തി തുടങ്ങിയ ഗേ കപ്പിൾസിൽവരെ പുരുഷസ്വവർഗ്ഗാനുരാഗികളുടെ എണ്ണം എത്തി നിൽക്കുന്നു.

ഇന്ത്യൻ സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട പുരുഷസ്വവർഗ്ഗാനുരാഗിയായ മാനവേന്ദ്രസിങ്ങ് ഗുജറാത്തിലെ രാജപ്പിള്ള ഗോയൽ രാജവംശമാണ്. മാനവേന്ദ്രസിങ്ങിന്റെ വെളിപ്പെടുത്തലുകൾക്ക് പിന്നിൽ സ്വവർഗ്ഗാനുരാഗിയായ മാധ്യമപ്രവർത്തൻ അശോക്റോകവിയുടെ പ്രചോദനങ്ങളുണ്ടായിരുന്നു. കേവലം സ്വവർഗ്ഗാനുരാഗിയാണ് എന്ന പ്രഖ്യാപനത്തിലൊതുങ്ങി നിൽക്കാതെ പുരുഷസ്വവർഗ്ഗാനുരാഗികൾ ഉൾപ്പെടെയുള്ള ലൈംഗികന്യൂനപക്ഷങ്ങൾക്കുവേണ്ടി മാനവേന്ദ്രസിങ്ങ് “ലക്ഷ്യ” എന്ന സംഘടന രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി. പോലീസുകമാർ, ഡോക്ടർമാർ, ആശുപത്രി

ജീവനക്കാർ, തദ്ദേശസ്ഥാപനങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവരുടെ പിൻതുണ നേടിക്കൊണ്ട് മുമ്പോട്ടുനീങ്ങുന്ന ലക്ഷ്യ ലൈംഗികന്യൂനപക്ഷങ്ങൾക്കൊരു പൊതുവേദി എന്ന നിലയിലാണ് രൂപീകരിക്കപ്പെട്ടത്. ഗേയും ട്രാൻസ്ജന്ററും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ മുൻകൈയ്യെടുക്കുക, എച്ച്.ഐ.വി ബോധവത്ക്കരണ പരിപാടികൾ നടത്തുക തുടങ്ങിയ പ്രവർത്ത നങ്ങൾ നടത്തുന്ന ലക്ഷ്യയുടെ ഡയറക്ടർ ബോർഡിനെ നിയന്ത്രിക്കുന്നത് എം.എസ്.എം കമ്യൂണിറ്റിയാണ്.

## പുരുഷ സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗാനുരാഗ ഭീതികളും

പ്രാചീനകാലത്ത് ഭരണകൂടവും മതസ്ഥാപനങ്ങളും സ്വവർഗ്ഗരതിഭീതി വളർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചിരുന്നു. പാശ്ചാത്യനാടുകളിൽ 5-ാം നൂറ്റാണ്ട് മുതൽക്കിങ്ങോട്ട് ഇരുപത്തിയൊന്നാം നൂറ്റാണ്ടുവരെ സ്വവർഗ്ഗാനുരാഗികൾ ഭീകരമായ ആക്രമണങ്ങൾക്ക് വിധേയരായിട്ടുണ്ട്. പ്രാകൃതമായ ശിക്ഷാവി ധികൾക്ക് മാറ്റമുണ്ടാകുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽക്കാണ്.

സ്വവർഗ്ഗരതി സംബന്ധിച്ചുള്ള ഭീതികളും മുൻവിധികളും പുലർത്തുന്ന വർ സ്വവർഗ്ഗാനുരാഗികളെ ആക്രമിക്കുവാൻ ഉത്സാഹിക്കുന്നത് വ്യത്യസ്ത മായ രീതികളിലാണ്. സ്വവർഗ്ഗാനുരാഗം ഭേദമാക്കുന്നതിനായി മാതാപിതാ ക്കൾ സൈക്കോളജിസ്റ്റുകളുടെയും ഡോക്ടർമാരുടെയും സഹായങ്ങൾ തേടാ റുണ്ട്. സ്വവർഗ്ഗാനുരാഗത്തെ ലൈംഗികതയിലെ താൽക്കാലിക വ്യതിയാന മായി കാണുന്ന ചില വ്യക്തികൾ ഇത്തരക്കാരെ നിർബന്ധിത ലൈംഗികബന്ധ ത്തിലൂടെ ഭിന്നവർഗ്ഗ ലൈംഗികതയുടെ ഭാഗമാക്കി മാറ്റുവാൻ ശ്രമിക്കാറുണ്ട്. സ്വർഗ്ഗാനുരാഗം ഭേദപ്പെടുത്തുന്ന ചികിത്സാസമ്പ്രദായമായ നിർബന്ധിത ലൈംഗിക ബന്ധം/ബലാത്സംഗത്തെ "കറക്ടീവ് റേപ്പ്" എന്നാണ് പൊതുവെ വിളിച്ചുവരുന്നത്. ബലാത്സംഗത്തിലുടെ തെറ്റുതിരുത്തൽ പ്രക്രിയ നടത്തിയെ ടുക്കുന്നു. ഇത്തരം കറക്ടീവ് റേപ്പിന് കുടുംബാംഗങ്ങളെത്തന്നെയാണ് പലരും നിയോഗിക്കുന്നത്. ജനിതക കാരണങ്ങളാൽ സ്വവർഗ്ഗാനുരാഗിയായ പുരു ഷനെ / സ്ത്രീയെ ഭിന്നവർഗ്ഗ ലൈംഗികതയുടെ ഭാഗമാക്കുവാൻ ശ്രമിക്കു ന്നത് അത്യന്തം അപകടകരമായ അവസ്ഥയാണ്.

2018 സെപ്റ്റംബർ 6-ന് സുപ്രീംകോടതിയിലെ അഞ്ചംഗ ബെഞ്ച് പ്രായപൂർത്തിയായവർ ഉഭയസമ്മതത്തോടെ നടത്തുന്ന സ്വവർഗ്ഗരതി കുറ്റകരമല്ല എന്ന വിധി പുറപ്പെടുവിച്ചത് കാലഘട്ടത്തിന്റെ അനിവാര്യത എന്നതിലുപരി പ്രതിസന്ധികളനുഭവിച്ചുവന്ന ഒരു ന്യൂനപക്ഷത്തിന്റെ വിമോചനത്തിന്റെ സാധ്യതകളുമാണ്.

## വിമത ലൈംഗികത മലയാളസാഹിത്യത്തിൽ

സാഹിത്യത്തിന്റെ വളർച്ചാവഴികളിൽ സ്ത്രീ-പുരുഷബന്ധങ്ങൾക്കപ്പുറത്തുള്ള ബന്ധങ്ങളെക്കുറിച്ച് രചനകൾ നടത്തുവാൻ നമ്മുടെ സാഹിത്യപ്രതിഭകൾ തയ്യാറായില്ല. മതാധിഷ്ഠിത സാമൂഹ്യമൂല്യങ്ങളും കുടുംബങ്ങളും കൂടിച്ചേർന്ന സമൂഹത്തിന്റെ പ്രതിനിധാനമായ കൃതികളിൽ ആഘോഷാത്മകമായ സ്ത്രീവിരുദ്ധതകളും പുരുഷന്റെ മേൽക്കോയ്മ ബലതന്ത്രങ്ങളും നിറഞ്ഞുനിന്നിരുന്നു. സാഹിത്യത്തിന്റെ നവോത്ഥാന-ആധുനിക ഘടകങ്ങളിൽ ഭിന്നവർഗ്ഗലൈംഗികതയുടെ വ്യവസ്ഥാപിത രീതികൾക്ക് നിരക്കാത്ത സ്വവർഗ്ഗാനുരാഗികളുടെ ജീവിതം ചെറിയ സൂചനകളായി മാത്രം പ്രത്യക്ഷപ്പെടുകയും തുടർന്ന് ഉത്തരാധുനികതയുടെ ഘട്ടത്തിന്റെ സൂചനകൾക്കപ്പുറം കൃത്യമായ ആവിഷ്ക്കരണത്തിലുണ്ടായ സ്വവർഗ്ഗാനുരാഗം സാഹിത്യമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. എസ്.കെ.പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥ, ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, എം. മുകുന്ദന്റെ രാവും പകലും എന്നീ നോവലുകളിൽ സ്വവർഗ്ഗരതിയുടെ സൂചനകൾ പ്രകടമാണ്.

പാശ്ചാത്യസാഹിത്യകൃതികളെ അപേക്ഷിച്ച് മലയാളസാഹിത്യത്തിൽ നാമമാത്രമായ കഥകളിലും നോവലുകളിലും മാത്രമേ പുരുഷസ്വവർഗ്ഗാനുരാഗം വിഷയമായിട്ടുള്ളു. യാഥാസ്ഥിതികബോധം കൂടുതലുള്ള കേരളീയ സമൂഹത്തിൽ ധൈര്യപൂർവ്വം എഴുത്തുനടത്തുവാൻ പല സാഹിത്യപ്രതിഭകൾക്കും താൽപര്യമില്ലാതെ പോയതിയന്റെ തെളിവായി ഗേ-പ്രമേയം ഏതാനും കൃതികളിൽ മാത്രമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. ചെറുക

ഥാസാഹിത്യത്തിൽ കെ.ആർ. മീരയുടെ കമിംഗ് ഔട്ട്, സി.എസ്. ചന്ദ്രികയുടെ കനി. പ്രമോദ് രാമന്റെ നപുംസകരുടെ പത്തുപടവുകൾ, ഒരു ബ്രാക്കറ്റിൽ എത്ര പേർക്ക് ജീവിക്കാം, നിഷ അനിൽകുമാറിന്റെ പരിണാമം, കെ.പി. രാമനുണ്ണിയുടെ കഥ കഥാപാത്രം കഥാകൃത്ത് എന്നീ കഥകൾ വിഭിന്നതലങ്ങളിലൂടെ പുരുഷ സ്വവർഗ്ഗാനുരാഗം ആവിഷ്ക്കരിച്ചു. കെ.പി. രാമനുണ്ണിയുടെ ചരമവാർഷികം, സൂഫി പറഞ്ഞകഥ എന്നീ നോവലുകളിൽ സ്വവർഗ്ഗരതിയുടെ പരാമർശങ്ങളുണ്ട്. ലെസ്ബിയൻ പ്രമേയങ്ങളെ മലയാളസാഹിത്യം ആഖ്യാനതലത്തിൽ സ്വീകരിച്ചതുപോലെത്തന്നെ പുരുഷസ്വവർഗ്ഗരതി പ്രമേയങ്ങളേയും അവതരിപ്പിക്കുകയുണ്ടായി.

## വിമതലൈംഗികത ഭാരതീയചലച്ചിത്രങ്ങളിൽ

1919-ൽ സ്വവർഗ്ഗാനുരാഗം കേന്ദ്രപ്രമേയമാക്കി റിച്ചാർഡ് ഓഡ്വാൾസ് സംവിധാനം ചെയ്ത "Different from the others" എന്ന ചലച്ചിത്രം മുതൽ നിരവധി സ്വവർഗ്ഗാനുരാഗം പ്രമേയമായ ചിത്രങ്ങൾ ലോകസിനിമയിൽ പുറത്തിറങ്ങിയിട്ടുണ്ട്. അതിൽ പ്രധാനമായും The boys in the Band (1970), Mayrice (1987), Gosish (1994), Edge of Seventeen (1998), Boys Gods own Country (2017) എന്നിവയാണ്. ഇന്ത്യൻ സിനിമകളിലും ഇത്തരം പ്രമേയങ്ങളെ അടിസ്ഥാനമാക്കി നിരവധി ചലച്ചിത്രങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പ്രധാനപ്പെട്ട ഏതാനും ചലച്ചിത്രങ്ങളെ മാത്രമാണിവിടെ സൂചിപ്പിക്കുന്നത്. "Fire" (1996), "My brother Nikhil" (2005), "Yours emotionally" (2006), "I am" (2010), "A men" (2010), "Purples kies" (2014), "Kapoor and Sons" (2016), "Dewrdasd" (2016), "My son is gay" (2019) തുടങ്ങിയവ പ്രധാന ഹിന്ദി ചിത്രങ്ങളാണ്. തെലുങ്കിലാകട്ടെ "Nawna avalla" (2015), "Awe" (2018), "Gay pellu Choopulu (2021) എന്നിവയും തമിഴിൽ "En magan Maghizavan (2007), "Kanchana" (2011), "Super Deluxe" (2019), "Paava Kathaigal" (2020), "Thajgamirand" എന്നീ ചിത്രങ്ങളും പ്രധാനമായും ഈ വിഷയം കൈകാര്യം ചെയ്ത സിനിമകളാണ്.മലയാളത്തിലും നിരവധി ചലച്ചിത്രങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്.

**1. രണ്ട് പെൺകുട്ടികൾ (1978)**

പി.ടി.നന്ദകുമാറിന്റെ രണ്ട് പെൺകുട്ടികൾ എന്ന നോവലിന് സുരാസു തിരക്കഥ എഴുതി മോഹൻ സംവിധാനം ചെയ്ത 1978 എപ്രിൽ 28-ന് പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് രണ്ട് പെൺകുട്ടികൾ.

**2. ദേശാടനക്കിളി കരയാറില്ല (1986)**

പത്മരാജൻ രചനയും സംവിധാനവും നിർവ്വഹിച്ച് 1986-ൽ പുറത്തിറങ്ങിയ ഒരു മലയാള ചലച്ചിത്രമാണ് (ദേശാടനക്കിളി കരയാറില്ല). രണ്ട് പെൺകുട്ടികളുടെ അനിതരസാധാരണമായ സൗഹൃദമാണ് ഈ ചലച്ചിത്രത്തിന്റെ പ്രമേയം. സ്വവർഗ്ഗ പ്രണയത്തിന്റെ ചിത്രീകരണം ഈ ചലച്ചിത്രത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**3. സഞ്ചാരം**

ലിജി ജെ. പുല്ലാപ്പള്ളി സംവിധാനം ചെയ്ത് 2004-ൽ പുറത്തിറങ്ങയ മലയാള ചലച്ചിത്രമാണ് സഞ്ചാരം രണ്ട് പെൺകുട്ടികൾ തമ്മിലുള്ള സ്വവർഗ്ഗ പ്രണയമാണ് ഈ ചിത്രത്തിന്റെ കേന്ദ്രപ്രമേയം. കേരളത്തിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തേയും ലിജിയുടെ തന്നെ "ഉലി" എന്ന ഹ്രസ്വചിത്രത്തേയും അടിസ്ഥാനമാക്കിയാണ് സഞ്ചാരം നിർമ്മിച്ചിരിക്കുന്നത്. പുറത്തിറങ്ങിയ സമയത്ത് വേണ്ടവിധത്തിൽ ശ്രദ്ധിക്കപ്പെടാതെപോയ ഒരു ചലച്ചിത്രമാണ് സഞ്ചാരം.

**4. ചാന്തുപൊട്ട് (2005)**

ലാൽജോസ് സംവിധാനം ചെയ്ത്, ദിലീപ് കേന്ദ്രകഥാപാത്രമായി അഭിനയിച്ച് 2005-ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് ചാന്തുപൊട്ട്. പെൺകുട്ടികളെപ്പോലെ വളർത്തപ്പെട്ട ഒരു ആൺകുട്ടിയുടെ കഥയാണ് ഈ സിനിമയുടെ പ്രമേയം. പുറത്തിറങ്ങിയ സമയത്ത് നിരവധി ചർച്ചകൾക്ക് വിധേയമായ സിനിമയാണിത്. തമിഴിൽ 2020-ൽ പുറത്തിറങ്ങിയ "പാവൈക്കഥകൾ" എന്ന തമിഴ് വെബ്സിരീസിലെ ഒരു എപ്പിസോഡ് ഇത്തരത്തിൽ ഉള്ള ഒരു പ്രമേയമാണ് കൈകാര്യം ചെയ്യുന്നത്.

**5. ഋതു (2009)**

ശ്യാമപ്രസാദ് സംവിധാനം ചെയ്ത് 2009-ൽ പുറത്തിറങ്ങിയ ഒരു മലയാള ചലച്ചിത്രമാണ് ഋതു. മൂന്ന് സുഹൃത്തുക്കളുടെ ബാല്യകാലം മുതലുള്ള സൗഹൃദമാണ് ഈ സിനിമയുടെ പ്രമേയം. സിനിമയിൽ ഒരുഭാഗത്ത് സ്വവർഗ്ഗാനുരാഗത്തെപ്പറ്റി പറയാൻ ശ്രമിച്ചിട്ടുണ്ട്. കാലങ്ങൾ കഴിയുമ്പോൾ സൗഹൃദത്തിനുണ്ടാകുന്ന മാറ്റങ്ങൾ ഈ സിനിമയിൽ അവതരിപ്പിച്ചുണ്ട്. 2021-ൽ പുറത്തിറങ്ങിയ തമിഴ് വെബ്സിരീസായ "പുത്തൻ പുതുകാലൈ പിടിയാതാ" (The Mask) എന്ന എപ്പിസോഡ് ഇത്തരത്തിലുള്ള ഒരു വിഷയമാണ് കൈകാര്യം ചെയ്യുന്നത്.

**6. അർദ്ധനാരി (2012)**

സന്തോഷ് സൗപർണ്ണിക സംവിധാനം ചെയ്ത് 2012-ൽ പുറത്തിറങ്ങിയ ചലച്ചിത്രമാണ് അർദ്ധനാരി ഹിജഡകളുടെ ജീവിതമാണ് ചലച്ചിത്രത്തിന്റെ കേന്ദ്രപ്രമേയം.

**7. ഞാൻ മേരിക്കുട്ടി (2018)**

രഞ്ജിത്ത് ശങ്കർ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച് 2018-ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് ഞാൻ മേരിക്കുട്ടി. ട്രാൻസ്ജെന്റർ വിഭാഗത്തക്കുറിച്ചും, അവർ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും സംസാരിക്കുന്ന സിനിമയാണിത്. ട്രാൻസ്ജന്ററായ മേരിക്കുട്ടിയും അവളുടെ ആഗ്രഹങ്ങളെയും ഈ സിനിമയിൽ ട്രാൻസ്ജന്റർ വിഭാഗത്തോട് ഒത്തുചേരുന്ന രീതിയിൽ കാട്ടിത്തരുന്നുണ്ട്. 2019-ൽ തമിഴ്ഭാഷയിൽ പുറത്തിറങ്ങിയ "സൂപ്പർ ഡീലക്സ് " ചലച്ചിത്രത്തിലെ സേതുപതി അവതരിപ്പിക്കുന്ന കേന്ദ്ര കഥാപാത്രം മേരിക്കുട്ടിയുമായി സാമ്യമുള്ളതാണ്.

## അദ്ധ്യായം III

# വിമതലൈംഗികത മലയാളസിനിമയിൽ

# വിമതലൈംഗികത മലയാളസിനിമയിൽ

വിമതലൈംഗികവിഭാഗങ്ങൾ വിവിധങ്ങളാണെന്ന് സൂചിപ്പിച്ചുവല്ലോ. പഠനത്തിന്റെ സൂക്ഷ്മതയ്ക്കുവേണ്ടി ഗേയിസത്തെ മലയാളസിനിമ എപ്രകാരമാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നു. ഓരോ ചിത്രങ്ങളേയും സവിശേഷമായി ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു.

## കാ ബോഡിസ്കേപ്പ്സ്



ജയൻ ചെറിയാൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത് 2018-ൽ പുറത്തിറങ്ങിയ ചിത്രമാണ് 'കാ ബോഡിസ്കേപ്പ്സ്' ജേസൺ ചാക്കോ, രാജേഷ് കണ്ണൻ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. യാഥാസ്ഥിതിക ഇന്ത്യൻ സമൂഹത്തിൽ തങ്ങളുടേതായ ഇടം കണ്ടെത്താൻ ശ്രമിക്കുന്ന മൂന്ന് യുവാക്കളുടെ അനുഭവമാണ് ചിത്രത്തിന്റെ പ്രമേയം. ഈജിപ്ഷ്യൻ ആത്മീയധാരയിൽ ശരീരത്തിന്റെ ജീവപ്രകാശം അഥവാ ആത്മാവ് എന്നാണ് 'കാ' എന്ന വാക്കിന്റെ അർത്ഥം. ഇതിൽ നിന്നാണ് 'കാ ബോഡിസ്കേപ്പ്സ്' എന്ന ശീർഷകം രൂപപ്പെട്ടതെന്ന് സംവിധായകൻ അഭിപ്രായപ്പെടുന്നു.

കബഡി കളിക്കുന്ന വിഷ്ണുവിന്റെ ശരീരദൃശ്യങ്ങൾ പല കോണിൽനിന്നും അകലങ്ങളിൽ മാറ്റിയും ഫോട്ടോയെടുക്കുന്ന, ചിത്രകാരനും സുഹൃത്തും കാമുകനുമായ ഹാരിസിന്റെ ക്യാമറയിൽനിന്നാണ് സിനിമ ആരംഭിക്കുന്നത്. വിഷ്ണുവിന്റെ മസിലുകളുടെയും മുലക്കണ്ണിന്റെയും കാലുക

ളുടെയും തുടകളുടെയും സമീപദൃശ്യങ്ങൾ, ലെൻസിലെന്നതിലേറെ കണ്ണുകളിൽ തുടിക്കുന്ന, അനുരാഗത്തോടെ ഒപ്പിയെടുക്കുന്നു, ഹാരിസ്. കലകളോടുള്ള തന്റെ അടങ്ങാത്ത അഭിനിവേശം പിന്തുടരുന്ന കഥാപാത്രമാണ് ഹാരിസ്. ഇയാൾ വിഷ്ണുവുമായി സ്വവർഗ്ഗരതിയിൽ ഏർപ്പെടുന്നു അയാൾ വീട്ടിലോ കടൽത്തീരത്തോ ഇരുന്ന് ചിത്രങ്ങൾ വരച്ച് ദിവസങ്ങൾ ചിലവഴിക്കുന്നു. ഹാരിസും വിഷ്ണുവും കാമുകന്മാർ ആണെന്നതിലുപരി അവർ തമ്മിൽ കലയിലൂടെയും ഒന്നിക്കുന്നുണ്ട്. ഹാരിസിന്റെ ചിത്രങ്ങളുടെ പ്രധാന മോഡൽ കൂടിയാണ് വിഷ്ണു.

സ്വവർഗ്ഗാനുരാഗവും ആൺശരീര മനോഹാരിതയും പ്രമേയമാകുന്ന ചിത്രങ്ങളാണ് വിഷ്ണുവിനെ മോഡലാക്കി ഹാരിസ് സൃഷ്ടിക്കുന്നത്. സമകാലിക ഇന്ത്യയിൽ എല്ലാറ്റിലും അസഹിഷ്ണുത നിറഞ്ഞുനിൽക്കുന്നതായ ഒരു നവയാഥാസ്ഥിതിക സമൂഹത്തിലെ ഒരുപറ്റമാൾക്കാർക്ക് ഒറ്റനോട്ടത്തിൽതന്നെ പ്രകോപനം ഉണ്ടാക്കുന്ന രീതിയിലാണ് ഈ പെയിന്റിംഗുകളുടെ പ്രമേയങ്ങളും രചനാവിന്യാസങ്ങളും. ഹാരിസ് സൃഷ്ടിക്കുന്ന ബോഡിസ്കേപ്പുകളുടെ മാതൃകയായി വിഷ്ണു പോസ് (Pose) ചെയ്യുന്ന ചിത്രങ്ങളിൽ ഹനുമാന്റെ ഭാവവും ഉൾപ്പെടുന്നു. എന്നാൽ മൃതസഞ്ജീവനിക്ക് പകരം 'IPC 377'ഉൾപ്പടെയുള്ള സ്വവർഗ്ഗാനുരാഗ സാഹിത്യങ്ങളുടെ കൂമ്പാരവുമായി പോസ് ചെയ്യാൻ വിഷ്ണുവിനോട് ഹാരിസ് ആവശ്യപ്പെടുന്നു. യാഥാസ്ഥിതിക സമൂഹത്തെ പ്രകോപിപ്പിക്കുന്ന ഒരു പെയിന്റിംഗ് സിനിമയുടെ അവസാനഭാഗത്ത് ഹാരിസ് കടൽത്തീരത്ത് പ്രദർശിപ്പിക്കുന്നുണ്ട്. ഹനുമാന്റെ രൂപം ശരീരത്തിലേക്കാവഹിച്ച് ഗദയും തോളിൽവച്ച് പറക്കുന്നതായാണ് ഈ ചിത്രം. IPC 377, ഗേ ലവ്, ഫണ്ണിബോയ്, ക്വയറിംഗ് ഇന്ത്യ, സെയിം സെക്സ് ഇൻ ഇന്ത്യ എന്നീ പുസ്തകങ്ങളാണ് അയാളുടെ കയ്യിലിരുന്നതെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാകും.

പുരുഷ ശരീരങ്ങളും അവയുടെ പരസ്പരാനുരാഗങ്ങളും അതിന് സമൂഹവും ഭരണകൂടവും ഏർപ്പെടുത്തിയ വിലക്കുകളും മാത്രമല്ല, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അവർ നേരിടുന്ന ചൂഷണങ്ങളുംകൂടി ചിത്രം

മുന്നോട്ടുവയ്ക്കുന്നുണ്ട്. ഹരിയും വിഷ്ണുവും സിയയും അവരുടെ ശരീരത്തെയും ആഗ്രഹങ്ങളെയും കുറിച്ചോർത്ത് ലജ്ജിക്കുന്നില്ല. സോഷ്യൽ മീഡിയയിലൂടെയും പെയിന്റിംഗുകളിലൂടെയും ശരീരത്തെ കലയാക്കി, ആഘോഷമാക്കി പൗരാവകാശങ്ങൾക്കും തൊഴിൽ അവകാശങ്ങൾക്കും വേണ്ടി പോരാടുന്നു.

ജീവിതം, സാഹിത്യം എന്നിവയിലൂടെ പുതിയ ഭാവുകത്വത്തെ ആവിഷ്ക്കരിക്കുന്ന ഘട്ടമാണിന്ന് കേരളത്തിൽ രാഷ്ട്രത്തിന്റെ ശരീരപ്പേടികളും ശരീരങ്ങളുടെയും ആത്മാക്കളുടെയും മനുഷ്യപ്രതിനിധാനങ്ങളുടെയും രാഷ്ട്രപ്പേടികളും തമ്മിലുള്ള പിളർപ്പായി വർത്തമാനകാലത്തെ വിവരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

'കാ ബോഡിസ്കേപ്പ്സ്' സ്ത്രീ വിരുദ്ധതയും സദാചാരങ്ങളെ സംബന്ധിച്ച് മതപൗരോഹിത്വത്തിന്റെയും രക്ഷാകർതൃത്വത്തിന്റെയും നവയാഥാസ്ഥിതികത്വത്തിന്റെയും നിർമ്മാണങ്ങളും യോജിക്കുന്ന അധികാര രൂപങ്ങളാണ് സമൂഹത്തെ നിർണ്ണയിക്കുകയും സംഘടിപ്പിച്ചെടുക്കുകയും ചെയ്യുന്നത്. ഇത്തരം അധികാരരൂപങ്ങളെയും സമൂഹനിർമ്മിതി ഉറപ്പിച്ചെടുക്കൽ പ്രക്രിയയെയും തുറന്നുകാട്ടുന്നതിൽ 'കാ ബോഡിസ്കേപ്പ്സ്' കൃത്യമായ രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നു.

## മുംബൈ പോലീസ്

ബോബി-സഞ്ജയ് ടീം തിരക്കഥയെഴുതി റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത് 2013 മെയ് 3 ന് പ്രദർശനത്തിനെത്തിയ മലയാള ചലച്ചിത്രമാണ് 'മുംബൈ പോലീസ്'. പൃഥ്വിരാജ്, ജയസൂര്യ, റഹ്മാൻ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സിനിമാചരിത്രത്തിലാദ്യമായി ഒരു സൂപ്പർതാരം മുഖ്യധാരാസിനിമിയൽ സ്വവർഗ്ഗപ്രണയിയായ നായകകഥാരാത്രത്തെ അവതരിപ്പിക്കുന്നു എന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്. ഒരു ആക്സിഡന്റിലൂടെ ഓർമ്മശക്തി നഷ്ടപ്പെടുന്ന 'ആന്റണി മോസസ്' എന്ന കഥാപാത്രത്തിലൂടെയാണ് സിനിമ കഥപറയുന്നത്. സിനിമയുടെ തുടക്കം മുതൽ തന്നെ അതീവ പൗരുഷം നിറഞ്ഞ ഒരു



വ്യക്തിയായാണ് ആന്റ ണിയെ ചിത്രീകരിക്കുന്നത്. ചിലയിടങ്ങളിൽ കൃത്രിമമായ ചിന്താക്രിയയും അയാളിൽ നിന്ന് വ്യക്തമാണ്. ചിത്ര ത്തിന്റെ അവസാനഭാഗ ത്താണ് ജയസൂര്യയുടെ 'ആര്യൻ' എന്ന കഥാപാത്രം ആന്റണിയുടെ സ്വവർഗ്ഗാനു രാഗം കാണാനിടയാകുന്നതും അത് ആന്റണിക്ക് ആര്യനോട് ശത്രുത ഉളവാ ക്കാനും കാരണമാകുന്നു. ഇതാണ് സിനിമയിലെ പ്രധാനരംഗം. എന്നാൽ ഓർമ്മശക്തി നഷ്ടപ്പെടുന്നതിലൂടെ ആന്റണിയുടെ സ്വവർഗ്ഗാനുരാഗഭാവവും നഷ്ടപ്പെടുന്നതായി അവതരിപ്പിക്കുന്നു. യഥാർത്ഥത്തിൽ അങ്ങനെ നഷ്ട പ്പെടുന്നതല്ല ഒരാളുടെ ഹോമോസെക്ക്ഷ്വാലിറ്റി.

സിനിമയിൽ ആന്റണി തന്റെ രഹസ്യജീവിതത്തെ പരസ്യമാക്കാനാഗ്ര ഹിക്കാത്ത ഒരാളെയാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ അത്തരത്തിലുള്ള ആന്റണി അവസാനഭാഗത്ത് ആര്യന്റെ കഥാപാത്രം വരുന്ന സമയം വാതില ടയ്ക്കാത്തതും, അതുമൂലം ആന്റണിയുടെ സ്വവർഗ്ഗപ്രണയ നിമിഷങ്ങൾ ആര്യൻ കാണുന്നതുമാണ് സിനിമയുടെ ഗതിമാറ്റുന്നത്. തന്റെ രഹസ്യം സുഹൃത്ത് മനസ്സിലാക്കിയതുകൊണ്ടാണ് ആന്റണി ആര്യനെ ഇല്ലാതാക്കുന്ന ത്. തന്റെ രഹസ്യജീവിതം സുരക്ഷിതമായി നയിക്കുന്ന ആന്റണി ചെയ്ത ഈ ചെറിയ തെറ്റ് പിന്നീട് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചയായിട്ടുണ്ട്. ആ സമയം വാതിൽ അടച്ചായിരുന്നെങ്കിൽ ഒരു പ്രശ്നവും ഉണ്ടാകില്ലാ യിരുന്നു. എന്ന് ചിലർ ചിത്രത്തെപ്പറ്റി അഭിപ്രായപ്പെടുന്നു. ചില അവസരങ്ങ ളിൽ സിനിമയിൽ സ്വവർഗ്ഗാനുരാഗത്തെ മോശമായി ചിത്രീകരിക്കുന്നുണ്ട്. സ്വവർഗ്ഗാനുരാഗികൾ രഹസ്യമായി മാത്രമേ തങ്ങളുടെ വികാരങ്ങളെ പ്രകടി പ്പിക്കാവൂ എന്ന ഒരു സാമൂഹ്യ നിയമവ്യവസ്ഥയാണ് ഇവിടെ വ്യക്തമാക്കു

ന്നത്. ആന്റണി തന്റെ സ്വഭാവം മറ്റുള്ളവരിൽനിന്ന് മറയ്ക്കുന്നതിലൂടെ താൻ ചെയ്യുന്നത് മോശമായ കാര്യമാണെന്ന് ആന്റണി സ്വയം ചിന്തിക്കുകയാണ് ചെയ്യുന്നത്. നല്ല ഗേ സിനിമ, മോശം ഗേ സിനിമ എന്ന തരത്തിൽ പറയുക യാണെങ്കിൽ ഗേയിസമേ മോശമെന്ന തരത്തിലാണ് സിനിമയുടെ പോക്ക്. സ്വവർഗ്ഗാനുരാഗത്തെ മുഖ്യധാരയിൽ വെളിപ്പെടുത്താനുള്ള മടിയും ഇത്തരം സിനിമകൾ സൃഷ്ടിക്കുന്നു.

ആന്റണി മോസസും അയാളുടെ ഗേകാമുകനും തങ്ങളുടെ ഗേ ഐഡന്റിറ്റി എല്ലാവരുടെയും മുന്നിൽ പരിപൂർണ്ണായി ഒളിപ്പിച്ചുവച്ച് ജീവി ക്കുന്നവരാണ്. ഇത്തരം ഒളിപ്പിക്കലുകൾ മനഃസംഘർഷങ്ങളിലേക്കും മനോ രോഗങ്ങളിലേക്കും കുറ്റകൃത്യങ്ങളിലേക്കും നയിച്ചേക്കാനുള്ള സാധ്യതയും സിനിമ ആഖ്യാനം ചെയ്യുന്നു. സ്വവർഗ്ഗ പ്രേമികൾക്ക് യാതൊരു പിന്തുണയു മില്ലാത്ത സമൂഹങ്ങളിൽ രഹസ്യം, പുറത്തുപോയി ആന്റണി മോസസിനെ പോലുള്ളവർ ഒന്നുകിൽ ആത്മഹത്യ അല്ലെങ്കിൽ രഹസ്യം പരസ്യമാക്കാൻ ശ്രമിക്കുന്നവന്റെ നരഹത്യ എന്നതിലേക്ക് എത്തിപ്പെടുന്നതിൽ ആശ്ചര്യമില്ല. ഗേസ്വത്വം എത്ര മറച്ചുവെച്ചാലും വിവാഹഘട്ടത്തിലേക്കെത്തുമ്പോൾ അത് ഒരു തുറന്ന് പറച്ചിലിനുള്ള ഒരു അനുഭവതലമാണുള്ളത്. വിവാഹത്തിൽ നിന്ന് രക്ഷപെടുന്നതിനായിട്ട് തന്നെ ഉപേക്ഷിക്കേണ്ടി വരുന്നവർ അനേകമാണ്. ഗേ എന്ന് വെളിപ്പെട്ടാൽ ജോലി നഷ്ടമാകുമോ വിവേചനം നേരിടുമോ എന്നൊ ക്കെയുള്ള ഭീതിയും ഇവരെ ഭരിക്കുന്നുണ്ട്. ഇവിടെ കാമുകനുമൊത്തുള്ള ആന്റണിയുടെ സ്വകാര്യനിമിഷങ്ങൾ നേരിട്ട് കാണാനിടയായ സുഹൃത്ത് അയാളുമായുള്ള സൗഹൃദം അവസാനിപ്പിക്കുന്നു. "മേലധികാരികളോട് റിപ്പോർട്ട് ചെയ്യും" തുടങ്ങിയ ഭീഷണികൾ ഉയരുന്നു. സമൂഹത്തിന്റെ നേർരേ ഖയിലൂടെയുള്ള പോക്കിന് തടസ്സപ്പെടുത്തുന്നു എന്ന വയ്പ്പ് ചലച്ചിത്രത്തിന്റെ അവസാനഭാഗത്ത് 'അയ്യോ ഞാൻ ഗേ ആണോ' എന്ന് വിധിച്ചുകൊണ്ട് തെറ്റു കൾ ഏറ്റുപറയുന്നു. പക്ഷേ ഗേ എന്ന് വിളിച്ചുപറയാൻ സിനിമയുടെ രണ്ടാ ഭാഗത്തേക്കെത്തുമ്പോൾ അയാൾക്ക് മടിയില്ല. സ്വവർഗ്ഗലൈംഗികതയുടെ വെളിപ്പെടുത്തൽ അത്ര എളുപ്പമല്ല. സമൂഹത്തിന്റെ പൊതുബോധത്തിലേക്കി

തിനെ കയറ്റിവിടാൻ പ്രയാസമാണ്. സ്വവർഗ്ഗപ്രേമികളുടെ ദൃശ്യപരതയും സാമൂഹിക അംഗീകാരത്തിന്റെ ആവശ്യകതയിലേക്കുമാണ് സിനിമ വിരൽ ചൂണ്ടുന്നത്. തന്റെ കാമുകനെയും അവനിലൂടെ തന്റെ ലൈംഗികതയും വീണ്ടും തിരിച്ചറിഞ്ഞ് നായകൻ ഗേ ആയി തുടരുന്നതിലൂടെയാണ് സിനിമ അവസാനിക്കുന്നത്. 2018 സെപ്റ്റംബറിൽ ആണ് സുപ്രീംകോടതി സ്വവർഗ്ഗ രതി കുറ്റകരമല്ല എന്ന അന്തിമവിധി പുറപ്പെടുവിച്ചത്. അതിനുശേഷം കേരള ത്തിൽ ഗേ പുരുഷന്മാരും ലെസ്ബിയൻ സ്ത്രീകളും ചെറിയ അളവിലെങ്കിലും സ്വത്വം സാമൂഹ്യമായി വെളിപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്.

## മൈ ലൈഫ് പാർട്ട്ണർ



എം.ബി. പത്മ കുമാർ തിരക്കഥയെ ഴുതി സംവിധാനം ചെയ്ത് 2014-ൽ പുറ ത്തിറങ്ങിയ ചിത്ര മാണ് 'മൈ ലൈഫ് പാർട്ട്ണർ' സുദേ വ്നായർ, അമീർ നിയാസ്, അനുശ്രീ, ഗീതാവിജയൻ എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാ പാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. രണ്ട് പുരുഷന്മാർ തമ്മിലുള്ള ആഴത്തി ലുള്ള വൈകാരികര ബന്ധമാണ് 'മൈ ലൈഫ് പാർട്ട്ണർ' വെളിപ്പെടുത്തു ന്നത്. സ്വവർഗ്ഗാനുരാഗമാണ് സിനിമയുടെ പ്രമേയം

വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലങ്ങളിൽ ജനിച്ച് വളർന്ന് രണ്ട് സുഹൃത്തുക്കളായി മാറിയ പ്രണയിതാക്കളായ റിച്ചാർഡിന്റെയും കിരണി ന്റെയും കഥയാണ് ഈ സിനിമ. സമ്പന്നരായ മാതാപിതാക്കളുടെ ശ്രദ്ധക്കു റവും സ്നേഹക്കുറവും മറ്റു ബന്ധങ്ങളിലേക്ക് അവരെത്താൻ ഒരു കാരണ മായിട്ടുണ്ട്. ഇരുവരും ഒറ്റപ്പെട്ടവരാണ് എന്ന് മനസ്സിലാക്കി കിരണും റിച്ചാർഡും പരസ്പരം ആശ്രയമായി മാറുന്നു. തങ്ങളുടെ ബന്ധം ദൃഢമാക്കുന്നതിന്,

ജീവിതത്തിലേക്ക് ഒരു കുഞ്ഞിനെ ചേർക്കാൻ അവർ പദ്ധതിയിടുമ്പോൾ പ്രശ്നങ്ങൾ ആരംഭിക്കുന്നു. കാമുകരായ തങ്ങളുടെ ഇടയിൽ ഒരു കുട്ടി എന്ന ലക്ഷ്യത്തിനുവേണ്ടി മാത്രമായിരുന്നു വിവാഹം എന്ന അഭിനയം. അതിനായി ഇരയാകേണ്ടി വന്ന അനാഥയായ പവിത്രയും തുടർന്ന് ബൈസെക്ഷ്വൽ ആയ റിച്ചാർഡ് പവിത്രയെ വിവാഹം കഴിക്കുന്നു. ഇതൊരു സംഘർഷാവസ്ഥയായി സിനിമയിൽ നിലനിൽക്കുന്നു.

സിനിമയുടെ ആരംഭത്തിൽ നിരാശനായി വിവാഹ ചടങ്ങുകളിൽ പങ്കെടുക്കുന്ന റിച്ചാർഡ്. അദ്ദേഹത്തിന്റെ മുഖത്ത് യാതൊരു സന്തോഷവുമില്ല. വിവാഹം കഴിഞ്ഞ് ദിവസങ്ങൾക്കുശേഷം റിച്ചാർഡും പവിത്രയും പള്ളിയിൽ പോയി വന്നപ്പോൾ അപ്രതീക്ഷിതമായി കിരണിനെ അപ്പാർട്ടുമെന്റിൽ കാണുന്നു കിരണിനെ കാണുമ്പോൾ റിച്ചാർഡ് അസ്വസ്ഥനാകുന്നു. കിരണിന്റെയും റിച്ചാർഡിന്റെയും പരസ്പരനോട്ടം അനുരാഗപ്രേരിതമാണ്. സ്വഭാവികമായ പ്രണയം ഇരുവർക്കും തങ്ങളിൽ മാത്രമാണ് കണ്ടെത്താൻ സാധിക്കുന്നത്. കിരൺ 'റിച്ചി' എന്ന് വിളിക്കുമ്പോൾത്തന്നെ അനുരാഗപരവശനായിത്തീരുന്നു കിരൺ.

കിരണിനെ കാണാതെ റിച്ചാർഡ് നെടുവീർപ്പിടുകയായിരുന്നു എന്ന് അയാൾ വ്യക്തമാക്കുന്നു. പവിത്രയുമായുള്ള വിവാഹനിമിഷം മുതൽതന്നെ റിച്ചാർഡ്കിരണിനെക്കുറിച്ചോർക്കുമ്പോൾ നിരാശയിലായിരുന്നു എന്ന് വിവാഹ സീനിൽ നിന്നുതന്നെ മനസ്സിലാക്കാം. റിച്ചാർഡിന് പവിത്രയെ ശരീരംകൊണ്ട് എന്നതിലുപരിയായി മനസ്സുകൊണ്ട് അംഗീകരിക്കാനാവുന്നില്ല. കാരണം അയാളുടെ പ്രണയം കിരണിനെ ചുറ്റിപ്പറ്റിയാണ് നിൽക്കുന്നത്. കിരൺ-റിച്ചാർഡ് കാമുകന്മാരുടെ സൗഹൃദം പവിത്രയുമായുള്ള വിവാഹത്തോടെ അയയുന്നു. ഇരുവരും തമ്മിലുള്ള ശാരീരികബന്ധം കുട്ടിക്കുവേണ്ടി മാത്രമായിരുന്നുവെന്ന് പവിത്ര തിരിച്ചറിയുന്നു. പവിത്ര ഗർഭിണിയാണ് എന്ന വിവരം ആസൂത്രിതമായി റിച്ചാർഡ് കിരണിനോട് ഒളിച്ചുവയ്ക്കുന്നു. പിന്നീട് ഈ വിവരം അറിയുന്ന കിരണിന് ഇത് താങ്ങാനാവുന്നില്ല. യാഥാർത്ഥ്യം തിരിച്ചറിഞ്ഞ പവിത്ര അയാളിൽനിന്ന് വിട്ടകന്നു. ഒരു തരം ഭയാശങ്കകൾക്കിടയി

ലാണ് പിന്നീടുള്ള റിച്ചാർഡിന്റെ ജീവിതം മുന്നോട്ട് പോകുന്നത്. കിരണിനോടുള്ള ഭയം റിച്ചാർഡിനെ വല്ലാതെ അലട്ടുന്നു. പ്രണയം ഭയഭീതിയിലേക്ക് നീങ്ങുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്.

കിരണിനെ നഷ്ടപ്പെടാതിരിക്കാൻ റിച്ചാർഡ് നേരിടുന്ന പ്രശ്നങ്ങളാണ് സിനിമയുടെ ബാക്കിഭാഗങ്ങൾ. കിരൺ ഒരു ഭ്രാന്തനെപ്പോലെ മാറുന്നു. തന്റെ കാമുകൻ നഷ്ടപ്പെടുമോ എന്ന ഭയമായിരുന്നു. മാനസിക സംഘർഷത്തിനിടയായ റിച്ചാർഡ് മനഃശാസ്ത്രജ്ഞന്റെ സഹായം തേടുന്നു.

കിരൺ ഡോക്ടറോട് പറയുന്നുണ്ട് 'സ്നേഹിക്കുക മാത്രമേ ഞങ്ങൾ ചെയ്യുന്നുള്ളു' എന്നും പണത്തിന്റെയും പ്രതാപത്തിന്റെയും സ്വാർത്ഥതയുടെയും ലോകത്ത് ജീവിക്കുമ്പോൾ ഒഴിവാക്കപ്പെടുന്ന ഒരു കുട്ടിക്കാലമുണ്ട് അവിടെ പോയി തിരുത്തുക. സമൂഹത്തിൽ പലതും തടയാം എന്നും. ഇവിടെ കിരണിന്റെ മാനസികാവസ്ഥ പ്രകടമാകുന്നുണ്ട്. കിരണിന്റെ ആഗ്രഹം തന്റെ ജീവനായ റിച്ചാർഡിനൊപ്പം കിരൺ ആഗ്രഹിച്ചതുപോലെ ജീവിക്കണമെന്നാണ്. ഇതേസമയം എല്ലാം ഏറ്റുപറഞ്ഞ് പവിത്രയുടെയും കുഞ്ഞിന്റെയും ഒപ്പമുള്ള കുടുംബജീവിതം തിരഞ്ഞെടുക്കുന്നു റിച്ചാർഡ്. ഇതിൽ മനംനൊന്ത് റിച്ചാർഡിന് ജനിച്ച കുഞ്ഞിനെയും കണ്ട്, അവസാനമായി റിച്ചാർഡിനെയും നോക്കി കിരൺ ആത്മഹത്യയിലേക്ക് പോയി. സ്വവർഗ്ഗാനുരാഗികൾ നേരിടുന്ന അവകാശലംഘനങ്ങളെക്കുറിച്ചും സാമൂഹിക വിലക്കുകളെക്കുറിച്ചും ചിത്രം പ്രതിപാദിക്കുന്നു. 'ഗേ എന്ന് പറഞ്ഞ് ഒരു സമൂഹത്തെ ഒറ്റപ്പെടുത്തുന്നത് എന്തിന്'എന്ന ചോദ്യം കിരണിലൂടെ സിനിമ മുൻപോട്ട് വയ്ക്കുന്നു.

## മൂത്തോൻ

ഗീതുമോഹൻദാസ് സംവിധാനം ചെയ്ത് 2019-ൽ പുറത്തിറങ്ങിയ സ്വവർഗ്ഗാനുരാഗ (ഗേ) ചലച്ചിത്രമാണ് മൂത്തോൻ. ചിത്രത്തിലെ സ്വവർഗ്ഗാനുരാഗ കഥാപാത്രങ്ങളാണ് അമീർ, അക്ബർ, ലത്തീഫ്, സെക്യൂരിറ്റി എന്നിവർ. സമൂഹത്തിൽ യഥാർത്ഥ സ്വവർഗ്ഗാനുരാഗികളുടെ ജീവിതം എങ്ങനെ എന്ന് കാട്ടിത്തരുന്നു. 'കുത്തുബിർ' (മത ആചാരം) എന്ന ആചാരത്തിൽ



വച്ചാണ് അമീർ ആദ്യമായി അക്ബറിനെ കാണുന്നത്. ആദ്യകാഴ്ചയിൽ തന്നെ അമീറും അക്ബറും പരസ്പരം സൂക്ഷ്മമായി കണ്ണുകളിലേക്ക് നോക്കി തന്നെ ഇഷ്ടപ്പെടുന്നു. പിന്നീട് അക്ബറിനോട് അടുക്കാൻ വേണ്ടി അമീർ അക്ബർ ഉള്ളിടത്തേക്ക് പോകുന്നു. ഇരുവരും അടുപ്പത്തോടെ പെരുമാറുന്നു.

തുടർന്ന് മന്ത്രവാദവുമായി അമീറിന്റെ വീട്ടിൽ എത്തുന്ന അക്ബർ ബോധമില്ലാത്ത അമീറിനെ സൂക്ഷ്മമായി നോക്കി പ്രണയത്തോടെ കൃത്രിമ ശ്വാസം നൽകുന്നു.  ഇരുവരുടെയും ഒരു സ്വകാര്യനിമിഷത്തിൽ അമീർ അക്ബറിനെ ഗാഢമായി പുണർന്ന് തന്റെ പ്രണയവും രതിയും അറിയിക്കുന്നു. അക്ബറിനെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നു. സ്വന്തം രൂപത്തെ കണ്ണാടിയിൽ കണ്ട് സ്വയം ശരീരത്തിൽ സ്പർശിക്കുന്ന അക്ബർ ആത്മസംതൃപ്തിയോടെ തന്റെ സ്വത്വത്തെ തിരിച്ചറിയുന്നു. കൂടാതെ അമീറിന്റെ വീട്ടിൽ എത്തുന്ന ഇരുവരും ശാരീരികമായി അടുക്കുന്നു. പിന്നീട് പരസ്പരം പിരിയാൻ ആകാത്ത വിധം ഇരുവരും പ്രണയിക്കുന്നു. നിർബന്ധിത വിവാഹിതൻ ആകുന്ന അമീർ വിവാഹിതൻ ആയിട്ടു അമീറിനെ സമീപിച്ച് നാടുവിടാം എന്ന് നിർബന്ധിക്കുന്നു. എങ്കിലും കുടുംബം, സമൂഹം എന്നിവയെ ഓർമ്മിപ്പിച്ച് അക്ബർ അമീറിനെ തന്നിൽനിന്ന് ഒഴിവാക്കുന്നു. കടുത്ത മാനസിക വിഷമത്തിൽ സ്വവർഗ്ഗാനുരാഗികൾ അനുഭവിക്കുന്ന സ്നേഹപ്രണയ നഷ്ടം ഇവിടെ കാണാം. അക്ബർ തന്നെ ഉപേക്ഷിച്ചെന്ന മാനസിക സമ്മർദ്ദത്തിൽ അമീർ ആത്മഹത്യ ചെയ്യുന്നു. അമീറിന്റെ മരണത്തെ തുടർന്ന് അക്ബർ നാടുവിടുന്നു.

ലത്തീഫ് എന്ന ക്രോസ്-ഡ്രസിർക്ക് (ട്രാൻസ്ജന്റർ) അക്ബറിനോട് തോന്നുന്ന പ്രണയം, ഇഷ്ടം ഇവർ തമ്മിലുള്ള സംഭാഷണങ്ങളിൽ നിന്ന് മന

സ്സിലാക്കാം. ലത്തീഫ് അക്ബറിനെ വിശേഷമായി ശ്രദ്ധിക്കുന്നതായി പല സന്ദർഭങ്ങളിലും കാണാം. സൂക്ഷ്മമായ നോട്ടങ്ങളിലൂടെ അത് വ്യക്തമാണ്. അക്ബറിന്റെ സഹോദരിയെ ഏറ്റെടുക്കുന്നതിലൂടെപ്പോലുംഅവർ എത്രമാത്രം ബന്ധിതരായിരിക്കുന്നുവെന്ന് വ്യക്തമാണ്.

## ഋതു

ശ്യാമപ്രസാദ് സംവിധാനം ചെയ്ത് 2009 ജൂലൈ മാസം പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് ഋതു. നിഷാൻ, ആസിഫ് അലി, റീമ കല്ലിങ്കൽ എന്നിവരാണ് ഈ ചിത്രത്തിലെ പ്രധാന താരങ്ങളായി അഭിനയിച്ചത്. ശരത്, വർഷ, സണ്ണി എന്നീ മൂന്ന് സുഹൃത്തുക്കളുടെ കഥയാണീചിത്രം.

ഈ സിനിമയിലെ സണ്ണി ഇമ്മട്ടി, ജമാൽ എന്നീ കഥാപാത്രങ്ങൾ സ്വവർഗ്ഗാനുരാഗികളാണ്. ചില ഭാവങ്ങളിലുടെയും വാക്കുകളിലൂടെയും ശ്യാമ പ്രസാദ് ഇക്കാര്യം ചിത്രത്തിൽ പറഞ്ഞുതരുന്നുണ്ട്. ഒരു കോഫിഷോപ്പിലി രുന്ന് സണ്ണിയും ജമാലും സംസാരിക്കുന്ന സീനിലും അവ രുടെ പ്രത്യേക ശൈലിയിലുള്ള പെരുമാറ്റ രീതിയിലുൾപ്പടെ അവർ സ്വവർഗ്ഗാനുരാഗികളാ ണെന്ന് സംവിധായകൻ കാട്ടിത്ത രുന്നുണ്ട്. പരസ്പരം ആദ്യമായി കാണുന്നവർ പെട്ടെന്ന് തന്നെ അടുക്കുന്നതും ഇവരിലെ ഈ സ്വവർഗ്ഗ ചേർച്ച കൊണ്ട് തന്നെയാകാം. സ്വവർഗ്ഗാനുരാഗത്തെ ഒരു കുറ്റമായല്ല മറിച്ച് അവർ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരായിരിക്കും എന്ന് ഈ ചിത്രം കാട്ടിത്തരു ന്നു. പഴയ മലയാള ചിത്രങ്ങളിൽ വെറുപ്പോടെമാത്രം കണ്ടിരുന്ന ഇത്തരം കഥാപാത്രങ്ങളെ ശ്യാമപ്രസാദ് നമ്മളിൽ ഒരാളായി ഈ ചിത്രത്തിൽ കാട്ടി ത്തരുന്നു.



# യൂ ടു ബ്രൂട്ടസ്



രൂപേഷ് പീതാംബരന്റെ സംവിധാനത്തിൽ ആസിഫ് അലി, ടൊവിനോ തോമസ്, ശ്രീനിവാസൻ, ഹണിറോസ് തുടങ്ങിയവർ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച് 2015 മാർച്ച് 20-ാം തീയതി പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് യൂ ടു ബ്രൂട്ടസ്.

സിനിമയുടെ അവസാനഭാഗത്ത് ഒരു ഗേ കഥാപാത്രത്തിനെ ഹാസ്യരൂപേണ അവതരിപ്പിച്ചിട്ടുണ്ട്. ടൊവിനോയുടെ കഥാപാത്രം റോഡരികിൽ നിന്ന് ലിഫ്റ്റ് ചോദിക്കുമ്പോൾ ഒരു ഗേ കഥാപാത്രം കാർ നിർത്തിയതും അയാൾ ഗേ ആണെന്നറിയുമ്പോൾ ടൊവിനോ ഓടി രക്ഷപെടുന്നതായും സിനിമയിൽ അവതരിപ്പിക്കുമ്പോൾ സ്വവർഗ്ഗാനുരാഗികളെ ഒരു ഭീകരസ്വത്വമായാണ് പ്രേക്ഷകർക്ക് അനുഭവപ്പെടുന്നത്. ഒരു മുസ്ലീം കഥാപാത്രത്തെയാണ് സിനിമയിൽ സ്വവർഗ്ഗാനുരാഗിയായി ചിത്രീകരിച്ചിരിക്കുന്നത്. അവരുടെ മുമ്പിൽപ്പെട്ടാൽ തന്നെ പ്രശ്നമാണെന്ന തരത്തിൽ സിനിമയിൽ അവതരിപ്പിക്കുമ്പോൾ കാണുന്ന പ്രേക്ഷകർക്കും സ്വവർഗ്ഗാനുരാഗികളോട് മോശമായ മനോഭാവം ഉണ്ടാവാൻ കാരണമാകുന്നു. സിനിമയിൽ ഹാസ്യരൂപേണയാണ് ആ സീൻ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും അതിലുൾപ്പെടുന്ന രാഷ്ട്രീയം വളരെ വലുതാണ്. 2019-ൽ തന്നെ പുറത്തിറങ്ങിയ ദിലീപ് ചിത്രം ടൂ കൺട്രീസിലും റിയാസ്ഖാൻ അവതരിപ്പിക്കുന്ന ഗേ കഥാപാത്രത്തെ വളരെ ഹാസ്യരൂപേണ അവതരിപ്പിക്കുന്നുണ്ട്.

# ഉപസംഹാരം

ലിംഗനീതി ജനാധിപത്യത്തിന്റെ കേന്ദ്ര അനുഭവമാകണം എന്നാണ് വയ്പ്പ്. ഒരു രാഷ്ട്രീയക്രമമായോ സാമൂഹിക ജീവിതക്രമമായോ ജനാധിപത്യം പുലർന്നു പോന്ന ഇടങ്ങളിൽപോലും ലിംഗനീതി സമത്വം നിലനിൽക്കുന്നില്ല എന്നാണ് നമ്മുടെ വ്യവഹാരങ്ങൾ കാണിച്ചുതരുന്നത്. നമ്മുടെ ഗാർഹികമണ്ഡലവും പൊതുമണ്ഡലവും സ്ത്രീ പുരുഷലിംഗ ക്രമത്തെ മാത്രം അംഗീരിക്കുകയും അതു മാത്രമാണ് ശരിയെന്ന് സമ്മതിക്കുമ്പോഴുമാണ്, ഇത്തരം വിമതലൈംഗിക പഠനങ്ങളുടെ സാധ്യത വർദ്ധിക്കുന്നത്. സമൂഹത്തിന് അനായാസം പ്രവേശിക്കാവുന്ന സിനിമ എന്ന മാധ്യമത്തിലൂടെ ഇത്തരം വിഷയങ്ങളെ പൊതുബോധത്തിലേക്ക് കൊണ്ടെത്തിക്കുവാൻ അനായാസമാണ്. പഠനവിധേയമാക്കിയ സിനിമകൾ കേവലം ലൈംഗികകാമനകൾക്കപ്പുറത്തുനിന്നും നിഷേധിക്കപ്പെട്ട സ്വത്വാന്വേഷണത്തിന്റെ ആഘോഷങ്ങളോടും കൂടിയാണ്. ജനാധിപത്യ ലിംഗബന്ധങ്ങളുടെ തുറസ്സുകളിലേക്ക് നീണ്ടുപോകുന്ന അനുഭവങ്ങളാണ് ഓരോ സിനിമയും. അധികാരത്തിന്റെ ലിംഗബോധങ്ങളോട് കലഹിച്ചും വിയോജിച്ചും നവീനമായ അനുഭവമണ്ഡലത്തെയാണ് സിനിമ കാണിച്ചുതരുന്നത്. വിമതലൈംഗിക ബന്ധങ്ങളെ തെറ്റായി വാഖ്യാനിക്കുന്നതുമൂലമുണ്ടാകുന്ന സാമൂഹിക വ്യതിക്രമങ്ങൾ അസ്വസ്ഥത ജനിപ്പിക്കുന്നവയാണ്. മലയാളിയുടെ ലൈംഗിക പൊതുബോധത്തെ റദ്ദ് ചെയ്തുകൊണ്ടാണ് ഇന്ന് സാഹിത്യത്തിന്റെ എല്ലാ വ്യവഹാരമാതൃകകളും മുന്നോട്ടുവരുന്നത്. ഓരോരുത്തർക്കും തന്റെ ലൈംഗികസ്വത്വത്തെ വെളിപ്പെടുത്തുവാനുള്ള ആർജ്ജവവും ഇത്തരം സിനിമകൾ നൽകുന്നുണ്ട്. സ്വതന്ത്രമായ ഒരു സാമൂഹിക ജീവിതം ഓരോ പൗരനും അർഹിക്കുന്നുണ്ട്. ലൈംഗിക ന്യൂനപക്ഷങ്ങൾ നേരിടുന്ന ശാരീരികമാനസിക വെല്ലുവിളികളെക്കുറിച്ചും സിനിമകൾ കൃത്യമായി ചർച്ച ചെയ്യുന്നുണ്ട്.

# ലേഖനസൂചി


1. എതിരവൻ കതിരവൻ – സ്വവർഗ്ഗാനുരാഗം ഭ്രൂണത്തിന്റെ തീരുമാനമാണ്– മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 മാർച്ച് 15.
2. നവനീത. എം – ദേശാടനക്കിളികൾ പറഞ്ഞതും സഞ്ചാരം പറയാത്തതും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 ജനുവരി 31.
3. മുരളീധരൻ തറയിൽ – ലിംഗസ്വത്വത്തിന്റെ ദ്വന്ദ്വഭാവനകൾ – പച്ചക്കുതിര 2014 ജനുവരി 5.
4. രശ്മി ജി, അനിൽകുമാർ കെ.എസ് – ആണെഴുത്തിലെ ലെസ്ബിയനിസം, ദേശാഭിമാനി വാരിക, 2014 ജൂൺ 8.
5. രശ്മി ജി, അനിൽകുമാർ കെ.എസ് – സ്വവർഗ്ഗരതി ആശങ്കകളും യാഥാർത്ഥ്യങ്ങളും, ഒരുമ മാസിക, 2014 മാർച്ച് 15.
6. ലിജി പുല്ലാപ്പള്ളി, കിഷോർകുമാർ – സ്വവർഗ്ഗ പ്രണയം സിനിമയാകുമ്പോൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 2008 മാർച്ച് 16.
7. ശ്രീജൻ. വി.ഡി – നിഷ്കപട ലൈംഗികത: അങ്ങനെയുണ്ടോ?, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2010 ഫെബ്രുവരി 13.

# ഗ്രന്ഥസൂചി


1. ഗീത. പി - പ്രണയം ലൈംഗികത അധികാരം, കറന്റ് ബുക്സ്, തൃശൂർ 2006.
2. ജാനമ്മ കുഞ്ഞുണ്ണി - സ്ത്രീജീവിതം സംസ്കാരം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം 2008
3. ജോജി കൂട്ടുമ്മൽ - ലൈംഗികത - നിലപാടുകളുടെ രാഷ്ട്രീയം, കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ.
4. രേഷ്മ ഭരദ്വാജ് (എഡി) - മിഥ്യകൾക്കപ്പുറം സ്വവർഗ്ഗലൈംഗികത കേരളത്തിൽ, ഡി.സിബുക്സ്, കോട്ടയം ജനുവരി 2004.
5. വേണുഗോപാൽ. കെ.എം. - കേരളം ലൈംഗികത ലിംഗനീതി, സൈൻ ബുക്സ്, വികാസ് ഭവൻ, തിരുവനന്തപുരം, ആഗസ്റ്റ് 2006.
6. ശാന്തകുമാർ. എസ് -സ്ത്രീകളും ആധുനിക ലൈംഗിക പ്രവണതകളും, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം, ഫെബ്രുവരി 1983.
7. സത്യൻ പി.പി - ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം 2104.
8. സുകുമാരൻ. പി - സ്ത്രീ എഴുത്തും വിമോചനവും, ഫെമിനിസ്റ്റ് സിദ്ധാന്ത ചരിത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം ജൂൺ 2011